# കടലോ കരയോ?

T6

T61
K66

പി. കിട്ടുണ്ണി.

# കടരയോ തലരയോ?

തമാശയുള്ള ഒമ്പതു
## നാടോടിക്കഥകൾ.

BHARMARAM COLLEGE LIBRARY, BANGALORE.
10648

T61
K66

സി. എ. കിട്ടുണ്ണി.

STALL KOTTAYAM
CANCELLED.

ആശാൻ പ്രസ്സ് & ബുക്ക് ഡെപ്പോ, തൃശ്ശൂർ.

വില 0—8—0.

# KATAYO THALAYO?

(Folk-Tales.)

By

C. A. KITTUNNY.

**First Impression March 1958.**

**(Rights Reserved.)**

Printed at the
ASAN PRESS, TRICHUR.

Price 8 As.

# കെ. സി. പീററർ (M. A. LL. B.)
# അവർകളുടെ അഭിപ്രായം.

---

സുഹൃത്തെ,

താങ്കളുടെ 'കടയോ തലയോ?' എന്ന ചെറിയ പുസ്തകം ഞാൻ വായിച്ചുനോക്കി. ചെറിയ ചെറിയ കഥകൾ! വികസിക്കാതെ കിടക്കുന്ന നമ്മുടെ ബാലസാഹിത്യത്തിന്ന് നല്ലൊരു മുതൽക്കൂട്ടാണ് ഇതെന്ന് നിസ്സംശയം പറയാം. ഒന്നാംതരം കഥകളെഴുതി മലയാളസാഹിത്യത്തിനു നൽകിയ താങ്കൾ അവികസിതമായ നമ്മുടെ ബാലസാഹിത്യത്തിലേക്കുകടന്നു എന്നതുതന്നെ ഒരു വലിയ നേട്ടമായി ഞാൻ കണക്കാക്കുന്നു.

ലളിതവും അകൃത്രിമവുമായ ഭാഷ, ഋജുവായ സമീപനം, നല്ല നർമ്മബോധം, ചിന്തയെ തട്ടിയുണർത്തുവാനുള്ള കഴിവ്, അനാവശ്യമായ പൊടിപ്പും തൊങ്ങലും ഇല്ലായ്മ— എല്ലാം ഒത്തിണങ്ങുന്നു ഈ കൃതിയിൽ. മാത്രമല്ല, ചിന്താക്കുഴപ്പമുണ്ടാക്കുന്നതെല്ലാം ഒഴിച്ചുനിർത്തിയിട്ടുമുണ്ട്.

നമ്മുടെ ബാലസാഹിത്യം വളരുകതന്നെ വേണം. എന്നാൽ വളർത്തുക ശ്രമകരമാണ്. ഓരോ പ്രായത്തിലും കുട്ടികൾക്കു വേണ്ട കഥകൾ ഓരോ തരത്തിലുള്ളവയാണ്. അവരുടെ വൈകാരികവും ബുദ്ധിപരവുമായ വളർച്ചയെ ത്വരിതപ്പെടുത്തുന്നതിനും അവരെ പരമാവധി രസിപ്പിക്കുന്നതിനും പര്യാപ്തമായിരിക്കണം കഥകൾ.

പത്തുവയസ്സുകാരൻ ഏഴുവയസ്സുകാരനുവേണ്ടി രചിച്ച കഥകൾ വായിച്ചതുകൊണ്ടു മെച്ചമുണ്ടാകയില്ല.

പുരോഗതി പ്രാപിച്ച ആധുനിക രാജ്യങ്ങളിലും ബാലസാഹിത്യം പെട്ടെന്നല്ല വളൎന്നതു്. കുട്ടികളുമായി സമ്പൎക്കത്തിലേപ്പെട്ടു്, ഓരോരൊ പ്രായത്തിൽ ഏതേതു തരത്തിലുള്ള കഥകളാണിഷ്ടം എന്നു മനസ്സിലാക്കി, കഥകളെഴുതി, നമ്പറിട്ടു തിരിക്കുക ബുദ്ധിമുട്ടുള്ളതാണു്. എല്ലാവൎക്കും അതു സാധിച്ചു എന്നു വരില്ല. താങ്കൾക്കതു സാധിക്കും എന്നെനിക്കുറപ്പുണ്ടു്. 'കിഞ്ചനവൎത്തമാനം', 'വീരകുമാരൻ' തുടങ്ങിയ ഗ്രന്ഥങ്ങൾ അതു തെളിയിച്ചുകഴിഞ്ഞു. ഈ കൃതിയിലെ 'വാപ്പാക്കു് പോതക്കേടു്', 'മമ്മം! മമ്മം!', 'ആലിൻകൊമ്പത്തു്' എന്നീ കഥകൾ എന്നെ കൂടുതൽ ആകൎഷിച്ചു. കാരണം? അവ എന്നെ ചിന്തിപ്പിക്കുന്നു.

എന്റെ അഭിനന്ദനങ്ങൾ.

തൃശ്ശൂർ,
28—2—1958.

സസ്നേഹം,
**കെ. സി. പീററർ.**

# മുഖവുര

മലയാളത്തിലെ നാടോടിക്കഥകളിൽ ചിലതിനെ ആസ്പദമാക്കി ഞാൻ എഴുതിയ ഒമ്പതു കൊച്ചുകഥകളാണ് ഈ പുസ്തകത്തിൽ. വിനോദത്തിന്നു കുറെ വകയുള്ളതാണ് എല്ലാം.

തമാശയിൽക്കൂടി ചില തത്വങ്ങൾ ഗ്രഹിക്കുമാറാകണം എന്നു് എഴുതുമ്പോൾ ലക്ഷ്യമുണ്ടായിരുന്നു. അതെത്രത്തോളം ഫലിച്ചിട്ടുണ്ടു് എന്നറിഞ്ഞുകൂടാ. പക്ഷെ പണ്ഡിതനായ ശ്രീ. കെ. സി.യെത്തന്നെ ഇതിലെ ചില കഥകൾ ചിന്തിപ്പിക്കുന്നു എന്നുള്ള അദ്ദേഹത്തിൻെറ അഭിപ്രായംകണ്ടപ്പോൾ വലിയ ആശ്വാസവും സന്തോഷവും തോന്നിയെന്ന വസ്തുത മറച്ചുവെയ്ക്കുന്നില്ല.

വളരുന്ന തലമുറയെ ഉദ്ദേശിച്ചാണു് ഈ കൃതി. ബാല്യത്തിൽ പറയത്തക്ക വിദ്യാഭ്യാസത്തിന്നിടയായിട്ടില്ലാത്തവരിൽ വക്കും വായനയിലഭിരുചിയുണ്ടാക്കാൻ ഈ കഥകൾ പ്രയോജനപ്പെട്ടുമെന്നു വിശ്വസിക്കുന്നു.

ഈ കൃതി കയ്യിൽക്കിട്ടിയ ഉടനെ വായിച്ചുനോക്കി പ്രോത്സാഹജനകമായ അഭിപ്രായം എഴുതി അയച്ചുതന്ന സുപ്രസിദ്ധ സാഹിത്യകാരനായ കെ. സി. പീററർ അവർകളോടു് ഈയുള്ളവന്നുള്ള നന്ദി ആദരപൂർവ്വം ഇവിടെ രേഖപ്പെടുത്തട്ടെ.

തൃശ്ശൂർ, 1—3—'58.

സി. എ. കിട്ടുണ്ണി.

## സി. എ. കിട്ടുണ്ണിയുടെ ചില കൃതികൾ.

| | | | |
|---|---|---|---|
| കഥാലോകം | (എൻ. ബി എസ്സ്) | കഥകൾ | 3-ാംപതിപ്പ് |
| കഥാലത | ,, | ,, | 3-ാംപതിപ്പ് |
| റിക്ഷാക്കാരൻ | ,, | ,, | 2-ാംപതിപ്പ് |
| പെൻഷൻ കാൺസ്റ്റബ്ൾ | ,, | ,, | 3-ാംപതിപ്പ് |
| അനാഥബാലിക | ,, | ,, | 2-ാംപതിപ്പ് |
| സ്വാതന്ത്ര്യദിനത്തിൽ | (മംഗളോദയം) | ,, | 1-ാംപതിപ്പ് |
| കൊടിയും പടവും | (ആശാൻ പ്രസ്സ്) | ,, | 1-ാംപതിപ്പ് |
| തോക്കും തൊപ്പിയും | ,, | ,, | 1-ാംപതിപ്പ് |
| തുയിലുണത്തൽ | ,, | ,, | 1-ാംപതിപ്പ് |
| കത്തുന്ന തിരികൾ | ,, | തൂലികാചിത്രങ്ങൾ | 1-ാംപതിപ്പ് |
| ആരോമൽച്ചേകവർ | ,, | നോവൽ പരിഷ്കരിച്ച | 2-ാംപതിപ്പ് |
| ആരോമലുണ്ണി | ,, | ,, | 10-ാംപതിപ്പ് |
| ശുദ്ധതയ്ക്കു പനങ്കുഴ | ,, | അനുഭവകഥ | 1-ാംപതിപ്പ് |
| ആശുപത്രിയിൽ | ,, | ,, | 1-ാംപതിപ്പ് |
| ദണ്ഡിയാത്ര | ,, | താരാട്ട് | 1-ാംപതിപ്പ് |
| ദരിദ്രഗായകൻ | ,, | കവിതകൾ | 3-ാംപതിപ്പ് |
| കിഞ്ചന വത്തമാനം | ,, | കൊച്ചുകഥകൾ | 1-ാംപതിപ്പ് |
| വീരകുമാരൻ | ,, | ,, | 1-ാംപതിപ്പ് |
| കടയോ തലയോ? | ,, | ,, | 1-ാംപതിപ്പ് |

പുതിയ കഥാസമാഹാരം

അമ്പത്തേഴ് ആളെ കൊന്നു (കഥകൾ) എൻ. ബി. എസ്സ്.

# ക ഥ ക ൾ


1. കടയോ തലയോ? 9
2. ആലിൻകൊമ്പത്തു്. 14
3. മമ്മം! മമ്മം! 16
4. ഉമിയുടെ ഉത്ഭവം. 20
5. കറപ്പനും ഈച്ചയും മൂക്കും. 22
6. പണിക്കർ ജയിച്ചു. 25
7. എങ്കിൽ! 30
8. 'വാപ്പാക്കു് പോതക്കേടു്.' 33
9. ആനയെക്കെട്ടാം! 38

# കടയോ തലയോ?

വണ്ട് ഒരുഠംനാട്ടിൽ രണ്ടു ചങ്ങാതിമാരുണ്ടായിരുന്നു. ഒരാളുടെ പേർ കണ്ടപ്പൻ; മറേറ ആളുടെ പേർ കിട്ടപ്പൻ.

കണ്ടപ്പൻ ബുദ്ധിമാനും സൂത്രക്കാരനുമാണ്. കിട്ടപ്പൻ മഹാ മണ്ടനും.

കിട്ടപ്പൻെറ അച്ഛൻ ആയിടെ മരിച്ചു. ഏക മകനായ കിട്ടപ്പൻ തറവാട്ടിൽ കാരണവരായി.

കണ്ടപ്പൻ കാശില്ലാത്തവനാണ്.

ഒരുദിവസം കണ്ടപ്പൻ കിട്ടപ്പൻെറ വീട്ടിൽചെന്നു. 'എന്താ ചങ്ങാതി, ഈയിടെ കാണാൻതന്നെയില്ലല്ലൊ'— അയാഠം കിട്ടപ്പനോടു ലോഹ്യംപറഞ്ഞു.

'അച്ഛൻ മരിച്ചതു് അറിഞ്ഞില്ലേ? ഞാനാ ഇപ്പൊ കാരണവര്. കുടുംബം നോക്കണതു് ഞാനാ. കളിക്കാൻ സമയമില്ല.'—കിട്ടപ്പൻ ഗൌരവത്തിൽ ഒന്നു ഞെളിഞ്ഞിരുന്നു.

കണ്ടപ്പൻ:—വെറുതെ ഊണും ഉറക്കവുമായിക്കഴിഞ്ഞാൽ എന്താ കാര്യം? ഉള്ള സമ്പത്തു് വർദ്ധിപ്പിക്കണം.

അഞ്ചിനെയാണ് കുടുംബം നോക്കേണ്ടത്. കൃഷികൊണ്ടാണ് നിന്റെ അച്ഛൻ മുതലുണ്ടാക്കിയത്.

കിട്ടപ്പൻ:—എനിക്ക് ബുദ്ധി ഇല്ല എന്നാണ് എല്ലാവരും പറേണത്. സ്വത്തുണ്ടാക്കണം എന്നെനിക്കു മോഹമുണ്ട്. അതിനെന്താവഴി?

കണ്ടപ്പൻ:—കൃഷിതന്നെ. ഞാൻ കൃഷി നടത്താൻ നിശ്ചയിച്ചിരിക്ക്യാണ്. നിന്നെ വേണമെങ്കില് പങ്കുകൂട്ടാം. മിലവില് പകുതി സംഖ്യ നീ എടുത്താൽമതി.

കിട്ടപ്പൻ സമ്മതിച്ചു.

സംഖ്യ വാങ്ങി പോരുമ്പോഠം കണ്ടപ്പൻ പറഞ്ഞു: 'ആളുകളൊക്കെ നിനക്കു ബുദ്ധിയില്ല, നീ വങ്കനാണ് എന്നു പറേണത് നീ നന്നാവാതിരിക്കാനാ. കൃഷിചെയ്തു നീ നന്നാവും എന്നറിയുമ്പോ അവക്കസൂയകൂട്ടും. കാൎയ്യം മുടക്കും. അതുകൊണ്ട് നീ ആരോടും ഇക്കാൎയ്യം പറയണ്ട.'

'ഇല്ല, ഞാൻ മിണ്ടില്ല. ഇനിക്കു ത്രാണിയുണ്ടെന്ന് വീട്ടുകാരും നാട്ടുകാരും അറിയട്ടെ.'

'അതെ. നീ ബുദ്ധിമാനാ! ആളുകളൊക്കെ അസൂയക്കാരാ.'

കണ്ടപ്പൻ പണവും വാങ്ങി പോയി. മൂന്നുമാസം കഴിഞ്ഞു കണ്ടപ്പൻ വന്നു. കൃഷികാണാനായി കണ്ടപ്പൻ കിട്ടപ്പനെ കൂട്ടിക്കൊണ്ടുപോയി.

പച്ചച്ചായംതേച്ച് ഇടയ്ക്കിടെ വെള്ളവരകളും പുള്ളികളുമിട്ട കുറിയ കാലിൽ പച്ച ഓല പൊതിഞ്ഞ ഓലക്കുടകഠം നിരത്തിക്കുത്തിയപോലെ വലിയ പറമ്പു മുഴുവൻ

ചേന മുളച്ചുപൊന്തിനില്ക്കുന്നതു കാണാൻ നല്ല ചന്തമായിരുന്നു. 'ഇതാ, നമ്മടെ കൃഷി; ചേനകൃഷി'—കണ്ടപ്പൻ കിട്ടപ്പനെ ആ പ്രദേശമൊക്കെ കൊണ്ടുനടന്നു കാണിച്ചു.

'അപ്പൊ, കിട്ടപ്പാ, ഞാനൊരു കാര്യം പറയട്ടെ. വേറെയൊന്നുമല്ല; ഈ നില്ക്കുന്നതൊക്കെ നമ്മുടെ രണ്ടാളുടേയും മുതലാ! ചേനത്തണ്ടിന്റെ വണ്ണംകണ്ടോ! ചേനത്തണ്ട് എരിശ്ശേരിവെയ്ക്കാം. സാമ്പാറിൽ കഷ്ണമാക്കാം. ഉപ്പേരിക്കും കൊള്ളാം. ചില മരുന്നിലും കൂട്ടും. ഇല അധികം മൂക്കുന്നതിന്നുമുമ്പ് തോരൻവെച്ചാൽ ബഹു രസമാണ്.'—കണ്ടപ്പൻ ചേനത്തണ്ടിന്റേയും ഇലയുടേയും ഗുണങ്ങൾ വർണ്ണിച്ചു.

'ചേനത്തണ്ടും പരിപ്പും കൂട്ടാൻവെച്ചതു് ഞാൻ ചെറുപ്പത്തില് കൂട്ടീട്ടുണ്ട്'—കിട്ടപ്പൻ ഉത്സാഹത്തോടെ പറഞ്ഞു. 'ഇനി ഇതിന് അടിയില് കിഴങ്ങ്ണ്ടാവില്ല്യേ?'

കണ്ടപ്പൻ ഉറക്കെ ചിരിച്ചു. 'അടിയിലെ കാര്യം അള്ളാക്കറിയാം! ചിലപ്പോ നേരിയതായി വല്ലതുമുണ്ടാകും. ചിലപ്പോഴതു വേരു മാത്രമാവും. വല്ല വേരും ഉണ്ടായാൽ തന്നെ കുരുത്തംകെട്ട എലിതൊരപ്പന്മാര് തിന്നുകഴിഞ്ഞിരിക്കും. പിന്നെ'—കണ്ടപ്പൻ ധൃതിയിൽ തുടന്നു:

'വെയിലു മൂക്കണു, കിട്ടപ്പാ. കഞ്ഞികുടിയ്ക്കാൻ തെരക്കായി. ഞാനൊരു കാര്യം പറയട്ടെ. നമുക്ക് നമ്മടെ കൃഷി പങ്കുവെയ്ക്കാം. മണ്ണിന്നു മുകളിലുള്ളതൊക്കെ ഒരാൾക്ക്. മണ്ണിന്ന് താഴെ വല്ലതുമുണ്ടെങ്കില് അതൊരാൾക്ക്.. നിനക്ക് ഏതാ വേണ്ടതു്?'

കിട്ടപ്പൻ അല്പം ആലോചിച്ചുനിന്നു.

'എന്താ കിട്ടപ്പാ, ഞാൻ പറഞ്ഞതു മനസ്സിലായില്ലേ? നിനക്കു കട വേണോ തല വേണോ?'—വേഗം പറ, വെയില് മൂക്ക്ണ്.

'ഇനിക്കു തല മതി.'

'അങ്ങനെതന്നെ. നീ ബുദ്ധിയുള്ളോനാ. ആളുകള് വല്ലതും പറയണ്.' കണ്ടപ്പൻ നടന്നു.

ചേനയുടെ തണ്ടും താളും കിട്ടപ്പൻെറ വീട്ടിൽ കുന്നുകൂടി.

സമർത്ഥനായ കണ്ടപ്പൻ ഉരുളിവലുപ്പത്തിലുള്ള ചേന പറിച്ചു വണ്ടിനിറച്ച് കൊണ്ടുപോയി.

കൊല്ലം ഒന്നു കഴിഞ്ഞു. കണ്ടപ്പൻ വീണ്ടും കിട്ടപ്പനെ സമീപിച്ചു. കിട്ടപ്പൻെറ മുഖത്തിന്ന് അത്ര തെളിമയുണ്ടായിരുന്നില്ല.

'ചേനത്തണ്ട് വിററിട്ട് എന്തുകിട്ടി?'—കണ്ടപ്പൻ ചോദിച്ചു.

'അമ്മ കുറച്ചു കൂട്ടാൻവെച്ചു. ബാക്കിയൊക്കെ തെങ്ങിൻെറ കടയ്ക്കലിട്ടു.'

'വിററില്ലേ?'

'ഇല്ല.'

'ചേനത്തണ്ടുണ്ടോ ചേനത്തണ്ട്? എന്നു ചോദിച്ചു അങ്ങാടിക്കാര് നാലഞ്ചു വണ്ടിയുമായി ഇതിലേ പോയില്ലേ?'

'കണ്ടില്ല.'

'ഞങ്ങടെ അട്ടത്തൊക്കെ വന്നു. സായിപ്പന്മാരുടെ നാട്ടിലേക്ക് കേററി അയക്കാനാ. പത്തുമുന്നൂറുറുപ്പ കിട്ടി യേനെ. ആട്ടെ, ഈ കോട്ടം തീക്കാം. കൂടണോ ഇനിയ ത്തെ കൃഷിയില്?'

'കൂടാം.'

സംഖ്യ വാങ്ങി കണ്ടപ്പൻ പോയി. ഇത്തവണ നേന്ത്രവാഴയായിരുന്നു കൃഷി. വാഴ വളന്നു കൈകൾ വീശി നിന്നപ്പോൾ കണ്ടപ്പൻ സ്നേഹിതനെ കൂട്ടിക്കൊണ്ടുവന്നു.

'ആട്ടെ, കിട്ടപ്പാ, വെയിലുമൂക്കണു, വേഗം പറ, നിനക്ക് കടയോ വേണ്ടതു് തലയോ വേണ്ടതു്? നമ്മടെ കൃഷി സമമായി പങ്കുവെയ്ക്കാനാ ഞാനിതു പറേണതു്.'

കിട്ടപ്പൻ ആലോചിച്ചു. ഗൌരവമായി ആലോചിച്ചു. ഇനിക്ക ബുദ്ധിയില്ലെന്നാ കണ്ടപ്പൻെറ വിചാരം. ഇപ്പോ ഞാൻ കാട്ടിത്തരാം. കഴിഞ്ഞതവണ ചതിപററി. ഇത്തവണ അതു പററില്ല: 'ഇനിക്ക കടമതി'—കിട്ടപ്പൻ ഉറക്കെ ഉറപ്പിച്ചുപറഞ്ഞു.

ശരി, സമ്മതിച്ചു. കണ്ടപ്പൻ വേഗം നടന്നുപോയി.

ആനക്കൊമ്പുപോലെയുള്ള കായകൾ നിറഞ്ഞ കുലകൾ കണ്ടപ്പനും, വാഴക്കിഴങ്ങു മുഴുവൻ കിട്ടപ്പനും കിട്ടി.

# ആലിൻകൊമ്പത്ത്

'ഏതു മദിച്ചുവരുന്ന കൊമ്പനാനയേയും ഒരു കോല് കയ്യിലുണ്ടായാൽമതി, ഞാൻ കൊമ്പുകുത്തിക്കാം. ഇനി കോലില്ലെങ്കിൽ ഒരു ചെറിയ കല്ലുണ്ടായാലുംമതി.'—ജയന്തൻനമ്പൂരി പറയും.

ജയന്തൻനമ്പൂരി വൈദ്യനാണ്. മർമ്മചികിത്സാവിദഗ്ദ്ധൻ. മനുഷ്യശരീരത്തിലെ മാത്രമല്ല, മൃഗങ്ങളുടെ ദേഹത്തിലേയും മർമ്മഭാഗങ്ങൾ അദ്ദേഹത്തിന്നറിയാമത്രെ.

'ആനയുടെ മസ്തകത്തിൽ ഒരു സ്ഥാനമുണ്ട്. ഉറപ്പികവട്ടത്തിലൊരുസ്ഥാനം. ആ ഭാഗത്ത് പതുക്കെ ഒന്നു കൊട്ടിയാൽമതി, ആന അവിടെ വീഴും. പണ്ട്, കേശവൻ എന്ന മഹാപോക്കിരിയായ ഒരു ഗജവീരനുണ്ടായിരുന്നു. മദമിളകി പാപ്പാനെ ചവിട്ടി ചമ്മന്തിയാക്കി അവൻ ഓടി. കണ്ട വീടും തൊടിയുമൊക്കെ തകർത്തു. അനേകംപേരെക്കൊന്നു. എന്തുവഴി അവനെ പിടിച്ചു തളയ്ക്കാൻ? ഒരാളും അടുത്തുചെല്ലാൻ ധൈര്യപ്പെട്ടില്ല. വിവരം കോലോത്തെത്തി. രാജാവ് നമ്മുടെ അച്ഛനെ വിളിപ്പിച്ചു. 'കേശവനെ തളയ്ക്കണം. സാധിയ്ക്കോ?' ആവാം എന്നുമാത്രം അച്ഛൻ പറഞ്ഞു. ഒരു കാരക്കോലുമായി ആന വരുന്ന വഴിയിൽ അച്ഛൻ

നിന്നു. അച്ഛനെ പിടിച്ച പിന്താനായി അവൻ തല താഴ്ത്തി തുമ്പിക്കൈ നീട്ടി അടുത്തു. തൊട്ടുതൊട്ടില്ല എന്നായപ്പോഠ അച്ഛൻ കൊടുത്താനൊരു കൊട്ടു്. 'പേ! പെപ്പരപേ!' നാടുമുഴങ്ങുന്ന ചിന്നംവിളി! വമ്പൻ കൊമ്പുകുത്തി. പിന്നിൽനിന്നു ചക്കവീഴുംപോലെ വീണുതുടങ്ങി മററതു്. 'വന്നു തളയ്ക്കിനെടാ' അച്ഛൻ പാപ്പാന്മാരോടു പറഞ്ഞു. പട്ടിക്കുട്ടിപോലെ കേശവൻ നടന്നുപോയി'—ഇതൊക്കെ ആയിരം ആളുകളോടു പറഞ്ഞാലും ജയന്തൻനമ്പൂരിക്കു മതിവരില്ല. കാരക്കോലുകൊണ്ടു മമ്മത്തിലടിച്ചു എന്നതു് നെല്ലിക്കമുഴപ്പുള്ള കല്ലുകൊണ്ടെറിഞ്ഞു എന്നാവും ചിലപ്പോഠ.

'തിരുമേനി വല്ല ആനയേയും അടിച്ചിരുത്തിയിട്ടുണ്ടോ?'__ഒരിക്കൽ ഒരാഠ ചോദിച്ചു.

'ഇല്ലെടാ, അതിന്നു് മദിച്ച ആനയെവിടെ? നീയൊരു മദിച്ച ആനയെ കൊണ്ടുവാ. ഞാൻ കാണിച്ചുതരാം.' ജയന്തൻനമ്പൂരി ശുണ്ഠിയെടുത്തു.

അന്നാളിൽ അമ്പഴക്കാട്ടു് പൂരത്തിന്നു് രണ്ടാനകഠ കുത്തുകൂടി ഓടി. എട്ടാളെ ആനകഠ ചവുട്ടിക്കൊന്നു. ജയന്തൻനമ്പൂരി പൂരംകാണാൻ ഹാജരുണ്ടായിരുന്നു. (ചെണ്ടപ്പുറത്തു കോലുവെയ്ക്കുന്നേടത്തു ജയന്തൻനമ്പൂരിയുണ്ടാവുക പതിവാണു്.) ആളുകഠ അദ്ദേഹത്തെ അന്വേഷിച്ചു നാലുഭാഗത്തേക്കും ഓടി. എങ്ങും കാണാനില്ല. ആനകഠ അനേകം നാശങ്ങളുണ്ടാക്കി അലഞ്ഞുതിരിയുകയാണു്.

വസ്ത്രങ്ങളൊന്നുമില്ലാത്ത ഒരാഠ ആലിൻമുകളിലിരുന്നു വിറയ്ക്കുന്നതു് ആരോ കണ്ടു. അതു ജയന്തൻനമ്പൂരിയായിരുന്നു.

# മർമ്മം! മർമ്മം!

ജയന്തൻനമ്പൂരിക്ക് 'പറമ്പുകൃഷി'യിൽ വലിയ താല്പര്യ്യമായിരുന്നു. വെണ്ട, കയ്പ്പ, പടവലം, കുമ്പളം, മത്ത മുതലായതൊക്കെ പറമ്പിൽ ധാരാളം നട്ടുണ്ടാക്കും.

നമ്പൂരിക്ക് വൈദ്യം അറിയാം. ചികിത്സിക്കാൻ അദ്ദേഹം തയ്യാറുമാണ്. രോഗികൾ വേണ്ടേ? ഒരു തലവേദനയുടെ കാര്യ്യംകൂടി ആളുകൾ അദ്ദേഹത്തോടു പറയാറില്ല.

പറമ്പുകൃഷികൊണ്ടുമാത്രം ചിലവുകൾ കഴിയാൻ വിഷമമായി. വൈദ്യം പ്രചാരത്തിലായില്ലെങ്കിൽ രക്ഷയില്ല.

നാട്ടുകാർക്ക് തന്റെ ചികിത്സാപാടവം അറിഞ്ഞുകൂടാ. അതാണ് ആരും തന്നെ സമീപിക്കാത്തത്. വൈദ്യത്തിൽ തനിക്കുള്ള അറിവ് ജനങ്ങളെ മനസ്സിലാക്കാൻ എന്താണു വഴി?

ജയന്തൻനമ്പൂരി രാവും പകലും ആലോചിച്ചു. അവസാനം അദ്ദേഹം ഉപായം കണ്ടെത്തി. കുട്ടികളെ വൈദ്യം പഠിപ്പിക്കുക. പഠിപ്പിക്കുന്നതിന്ന് പ്രതിഫലമൊന്നും വേണ്ട. കാലത്തും ഉച്ചക്കും കഞ്ഞിയും പുഴുക്കും

എല്ലാ വിദ്യാൎത്ഥികൾക്കും ഇല്ലത്തുനിന്നു സൌജന്യമായി കൊടുക്കുകയും ചെയ്യും.

ഉദ്ദേശം സഫലമായി. പഠിക്കാൻ 'കുട്ടി'കളെത്തി. 'കുട്ടി'കളിൽ മുപ്പതുകാരും നാല്പതുകാരും പെടും. പ്രായവ്യത്യാസം പഠിക്കാൻ വരുന്നതിന്നു തടസ്സമായിരുന്നില്ല.

'സഹസ്രയോഗം'തൊട്ടുതന്നെ പാഠംതുടങ്ങാൻ ഗുരുനാഥൻ തീൎച്ചയാക്കി.

ഘന ചന്ദന ശുണ്ഠ്യംബു
പൎപ്പടോശീര സാധിതം
ശീതം തേഭ്യോഹിതം തോയം
പാചനം തൃൾജ്വരാപഹം.

ഘനം = മുത്തങ്ങക്കിഴങ്ങ്. ചന്ദനം = ചന്ദനംതന്നെ. ശുണ്ഠി = ചുക്ക്. അംബു = ഇരുവേലി. ഉശീരം = രാമച്ചം. ഇങ്ങിനെ അദ്ദേഹം ശ്ലോകംചൊല്ലി അൎത്ഥം വിവരിക്കയായിരുന്നു.

'അതാ, പറമ്പിൽ പയ്യ്!'—ഗുരുനാഥൻ പറയുന്നതു് ഒന്നും തലയിൽക്കേറാതെ, കഞ്ഞിയുടെ സമയംകാത്തു് അകലേയ്ക്കുനോക്കിയിരിക്കുന്ന ഒരു 'കുട്ടി'—നാല്പതുകഴിഞ്ഞ ശങ്കരനെഴുത്തശ്ശൻ—ഉടനെ എഴുന്നേററുനിന്നു.

ജയന്തൻനമ്പൂരി പറമ്പിലേക്ക് ഓടി. പോകുന്ന പോക്കിൽ മുററത്തുനിന്നു് ഒരു മുളങ്കോൽ കൈയ്ക്കലാക്കി.

പൊന്നുകൊണ്ടുണ്ടാക്കിയ അമ്മിക്കുഴപോലെ അങ്ങിങ്ങു കിടക്കുന്ന മൂത്ത വെള്ളരിക്ക, ചേനത്തണ്ടൻ പാമ്പിനെ ഓൎമ്മിപ്പിക്കുന്ന പടവലങ്ങ, കൊത്തുപണികൾ പല

ത്തുള്ള കയ്യൂറ്റു, നീണ്ടുരുണ്ട മഞ്ഞിൻകട്ടമാതിരിയുള്ള കമ്പളങ്ങ, പുത്തൻകലം കമഴ്ത്തിയ കണക്കിലുള്ള മത്തങ്ങ— എല്ലാം നാലഞ്ചു പശുക്കറം ചവിട്ടിയും തിന്നും നശിപ്പിക്കുന്നു.

ജയന്തൻനമ്പൂരി വടിയോങ്ങി വലിയ ഒച്ചകളുണ്ടാക്കി.

തീററയിൽ രസംപിടിച്ച പശുക്കറം അടികൊണ്ടാലുംവേണ്ടില്ല, വിശപ്പു മാററണമെന്ന നിലയിൽ തലയുയർത്തി നോക്കുകപോലും ചെയ്യാതെ തിരക്കായി തിന്നുകയാണു്.

നമ്പൂരി പശുക്കളെ വീണ്ടും ഉറക്കെ ശകാരിച്ചു. ഫലമില്ല. ഒന്നിനെ ഊക്കോടെ അടിയ്ക്കാനായി വടിപൊക്കി.

വടി പശുവിൻെറ തലമേൽ കൊള്ളുമോ? ശിരസ്സിൽ തലച്ചോറാണു്. മർമ്മസ്ഥലം. 'തലച്ചോറിൻ ക്ഷതം ജീവനാശമില്ലൊരു സംശയം.'—പ്രമാണം ഉടനെ അദ്ദേഹത്തിൻെറ മനസ്സിൽ തെളിഞ്ഞുവന്നു.

നമ്പൂരി പശുവിൻെറ പുറത്തേയ്ക്കു് വടി ഓങ്ങി. മുതുകെല്ലു്. മർമ്മത്തിൻെറ കൂടാണവിടം. 'മുതുകെല്ലൊടിഞ്ഞാൽ മൃത്യു നിശ്ചയം.'

കാലുകളായി പിന്നെ അടിയ്ക്കു ലക്ഷ്യം. ഞരമ്പുകറം നൂറെറട്ടാണു് കാലിൽ. ശരീരം താങ്ങിനിർത്തുന്നതു് ആ ഞരമ്പുകളാണു്. 'ഞരമ്പുകറം മുറിഞ്ഞീടിൽ ആനയും വീണുപോയിടാം.' പള്ള, കണ്ണു്, മൂക്കു്, നെററി, വാലു്, വയറു്—എല്ലാം മർമ്മസ്ഥാനങ്ങറം. അവിടങ്ങളിൽ അടിച്ചാലബദ്ധമത്രേ.

തോട്ടം പകുതിയും തീരാറായി. നമ്പൂരി വടിയും പിടിച്ചു കിതച്ചുകൊണ്ടങ്ങിനെ നിന്നു.

ഗുരുനാഥൻെറ നിലകണ്ടു് ശിഷ്യൻ ശങ്കരനെഴുത്തശ്ശൻ ഓടിയെത്തി.

'ചങ്കരാ! നശിപ്പിച്ചു. ഒക്കെ നശിപ്പിച്ചു. അശ്രീകരങ്ങള്! ഇവററെപ്പറഞ്ഞയക്കാനെന്താവഴി?'—നമ്പൂരി കരഞ്ഞുതുടങ്ങി.

'തിരുമേനി, ആ വടിയിങ്ങു തരു!'—ശങ്കരനെഴുത്തശ്ശൻ വടിവാങ്ങി ചടപടാ എന്നു് പശുക്കളെ 'തലങ്ങും വിലങ്ങും' അടിതുടങ്ങി. 'അയ്യോ! ചങ്കരാ! മമ്മം, മമ്മം! അരുതു്. അരുതു്! ഗോഹത്യ-മഹാപാപം!'—തിരുമേനി തിരക്കുകൂട്ടി.

ശങ്കരൻ കേട്ടഭാവം നടിച്ചില്ല; ഓലപ്പടക്കംപൊട്ടുന്ന വിധം അടി തുടരുകയാണു്.

നിമിഷനേരംകൊണ്ടു് പശുക്കറം പമ്പകടന്നു.

---

# ഉമിയുടെ ഉത്ഭവം

മാവേലി നാടുവാണീടുംകാലം
മാനുഷരെല്ലാരുമൊന്നുപോലെ
കള്ളച്ചതിയില്ല കളവുമില്ല
എള്ളോളമില്ല പൊളിവചനം
ബാലമരണങ്ങളെങ്ങുമില്ല
നെല്ലിന്നു നൂറു വിളവതുണ്ട്.

ഹാ, എന്തുസുഖം! മാവേലിമന്നൻെറ കാലത്ത് എന്നും ഓണമായിരുന്നു.

പണ്ടുപണ്ട് ഇതിലും നല്ല ഒരു കാലമുണ്ടായിരുന്നു. അന്നത്തെ കഥയാണിവിടെ പറയുന്നത്.

മാവേലി വാഴുമ്പോഠം നെല്ലിന്നു നൂറു വിളവാണെങ്കിൽ നമ്മുടെ കഥ നടന്ന കാലത്ത് നെല്ലിന്നു പകരം അരി വിളഞ്ഞിരുന്നു.

സ്ത്രീകഠംക്കു ധാരാളം സ്വാതന്ത്ര്യമുണ്ടായിരുന്നകാലം. വിനോദങ്ങഠംക്കായി പുറത്തുപോയ ഒരു സ്ത്രീ വീട്ടിൽ തിരിച്ചെത്താൻ വളരേ വൈകി. നേരം ഇരുട്ടായി.

ആ സ്ത്രീക്കു നല്ല വിശപ്പുണ്ടായിരുന്നു. കുട്ടികളും ഭർത്താവും കുടുംബത്തിലെ മററുള്ളവരും അത്താഴസമയം തെററുകയാൽ വിശന്നു തളന്നു.

വീട്ടിൽ ധാരാളം അരിയുണ്ട്. അകത്തും ഉമ്മറത്തും മുററത്തും എല്ലാം അരി. പക്ഷേ എന്തുകാര്യം?

അടുപ്പിൽ തീകത്തിയ്ക്കണം. കലം കഴുകണം. കലത്തിൽ വെള്ളം കോരിയൊഴിക്കണം. വെള്ളം ചൂടാവുമ്പോഠം അരി കഴുകിയിടണം. വേവുന്നതുവരെ കാത്തിരിക്കണം. വെന്താൽ ചോറു വാക്കണം. ബുദ്ധിമുട്ടുകഠം കുറച്ചാണോ?

'ഈ ദൈവം എന്തൊരു ദുഷ്ടനാണ്! അരി വിളയിക്കുന്നതിന്നു പകരം ചോറായിരുന്നെങ്കില് എത്ര നന്നായിരുന്നു. കണ്ണിൽ ചോരയില്ലാത്ത ദൈവം! ദുഷ്ടൻ........'—സ്ത്രീ ദൈവത്തെ ശകാരിക്കാനും പ്രാകാനുംതുടങ്ങി.

പിറേറദിവസം പാടത്തുകൂടി കടന്നുപോകുന്നവരെല്ലാം ഒരത്ഭുതംകണ്ടു. നെൽച്ചെടിയിന്മേൽ (അരിച്ചെടി) പതിവുള്ളവിധം അരിയല്ല. അരിമണിയ്ക്കൊക്കെ ഒരു തരം ഉറപ്പുള്ള ഉറ!

ആ ഉറയാണ് ഉമി.

# കറപ്പനും ഈച്ചയും മൂക്കും

കറപ്പൻ നല്ല അദ്ധ്വാനശീലനായിരുന്നു. കറപ്പന്റെ അച്ഛനും മുത്തച്ഛനും ചെത്തുകാരായിരുന്നു. അങ്ങിനെ കറപ്പനും ചെത്തുകാരനായി.

തെങ്ങുചെത്തി കള്ളെടുക്കുന്ന തൊഴിലാണെങ്കിലും കറപ്പന്ന് കള്ള് ഇഷ്ടമില്ല. കറപ്പൻ കള്ളു കുടിയ്ക്കയില്ല.

അനാവശ്യച്ചിലവുകളം ചെയ്യാത്ത സ്വഭാവക്കാരനായതുകൊണ്ടു് കറപ്പന്റെ കയ്യിൽ കാശുണ്ടായി.

കറപ്പൻ കല്യാണംകഴിച്ചു. സുന്ദരിയായിരുന്നു കറപ്പന്റെ ഭാര്യ മാധവി.

മാധവിയെ കറപ്പന്നു വലിയ കാര്യമായിരുന്നു. പിശുക്കനാണെങ്കിലും മാധവിക്കുവേണ്ടി എത്ര ചിലവുചെയ്യാനും കറപ്പന്നു മടിയില്ല.

മാധവിക്കു പടിക്കു പുറത്തുപോകാൻ പാടില്ല. കറപ്പനില്ലാത്ത സമയത്തു വീടിന്റെ മുററത്തെന്നല്ല, ഉമ്മറത്തുകൂടി വന്നുനില്ക്കാൻ പാടില്ല. കറപ്പന്റെ നിശ്ചയങ്ങളാണു്.

വഴിയേപ്പോകുന്ന ആരെങ്കിലും മാധവിയെ നോക്കിയാൽ കറപ്പന്റെ മുഖം കറുക്കും.

മദ്യപിയ്ക്കായ്ക, അനാവശ്യച്ചിലവുകൾ ചെയ്യായ്ക തുടങ്ങി ചില ഗുണങ്ങളെല്ലാമുണ്ടെങ്കിലും അവയെ എല്ലാം നിഷ്പ്രഭമാക്കുന്ന ഒരു വലിയ ദോഷം കറപ്പനുണ്ട്: മുൻശുണ്ഠി. അടക്കാനാവാത്ത കോപം. സംസാരിച്ചുനില്ക്കുമ്പോൾതന്നെ അയാൾക്ക ചിലപ്പോൾ ദേഷ്യംവരും.

ഒരുദിവസം കറപ്പൻ പണികഴിഞ്ഞു നേരത്തേ വീട്ടിൽ വന്നു. അന്നേവരെ മെച്ചമുണ്ടാക്കിയ പണംകൊണ്ട് ഇഷ്ടപ്രേയസിക്ക് ഒരു സ്വർണ്ണമാല വാങ്ങിക്കൊണ്ടാണ് അയാളെത്തിയത്.

പുതിയ മാല മാധവിയെ എന്തെന്നില്ലാതെ സന്തോഷിപ്പിച്ചു. മാധവിയുടെ സന്തോഷംകണ്ട് കറപ്പന്ന് അടിമുതൽ മുടിവരെ ആനന്ദവും കൃതാർത്ഥതയും അലതല്ലി.

ദമ്പതികൾ ഉച്ചയ്ക്ക് ഊണുകഴിഞ്ഞു വിശ്രമിക്കയായിരുന്നു.

മാധവി ഉറങ്ങിപ്പോയി. കറപ്പൻ അവളുടെ സൌന്ദര്യവും പുതിയ സ്വർണ്ണമാലയുടെ തിളക്കവും ഉററുനോക്കിയിരിക്കയായിരുന്നു.

അടുക്കളയിൽ ചക്കപ്പഴം മുറിച്ചുതിന്ന കാര്യം കമ്പിയില്ലാക്കമ്പിമൂലമെന്നപോലെ അറിവുകിട്ടി ചിലർ പാഞ്ഞെത്തിയിരുന്നു. വലിയ 'മണിയ'നീച്ചകൾ. അതിലൊരുവൻ മൂളിമൂളി വട്ടംചുററി മാധവിയുടെ മുഖത്തു വന്നിരുന്നു. (മിണ്ടാതിരിക്കുന്ന നമ്മളെ ശല്യപ്പെടുത്തുന്നതു ഈച്ചകൾക്കൊരു വിനോദമാണല്ലോ. ഒരുപക്ഷെ, ചക്കപ്പഴം തിന്നതിന്റെ അവശിഷ്ടങ്ങൾ മാധവിയുടെ ചുണ്ടി

ലോ കവിളിലോ 'മണിയൻ' കണ്ടിരിക്കാം.) ഉറക്കത്തിൽ തന്നെ മാധവി ഈച്ചയെ ആട്ടി. പെട്ടെന്ന് പറന്ന് മൂള ലിന്നു ശക്തികൂട്ടി നാലഞ്ചുപ്രാവശ്യം വട്ടംചുററി വീണ്ടും പാഴയസ്ഥാനത്തുതന്നെ അവൻ വന്നിരുന്നു. മാധവി പി ന്നേയും ആട്ടി. അങ്ങിനെ ആട്ടലും പറക്കലും വീണ്ടും വന്നിരിക്കലും നാലഞ്ചുപ്രാവശ്യം ആവത്തിച്ചു.

കറപ്പൻ ഇതു നോക്കിയിരിക്കയായിരുന്നു. അയാഠം ക്ക് പെട്ടെന്ന് ദേഷ്യംകയറി.

ഇരിക്കാനുപയോഗിക്കുന്ന ഒരു പരന്ന മുട്ടിപ്പലക അ ടുത്തുണ്ടായിരുന്നു. കറപ്പൻ അതെടുത്ത് ഈച്ചയെ ആഞ്ഞൊരടി!

'അയ്യോ!'— അങ്ങെങ്ങും മാറെറാലിക്കൊള്ളുന്ന നില വിളിയോടെ മാധവി ചാടിയെണീററു. കിണ്ടിയുടെ മുര ലിൽകൂടി വെള്ളം ചാടുന്നപോലെയാണ് മൂക്കുണ്ടായിരുന്ന സ്ഥാനത്തുള്ള ദ്വാരത്തിൽനിന്നു ചോര തെറിക്കുന്നതു്!

അലമുറകേട്ട് ഓടിയണഞ്ഞ അയൽക്കാർ വിവര മറിഞ്ഞപ്പോഠം പറഞ്ഞു: 'കറപ്പൻെറ കയ്യിൽ ചേററുക ത്തി ഇല്ലാഞ്ഞതു ഭാഗ്യം. പലകയാകയാൽ മൂക്കും പല്ലും മാത്രമേ നഷ്ടമായുള്ളു. കത്തി കയ്യിലുണ്ടെങ്കിൽ തല രണ്ടു കഷ്ണമായേനെ!'

ഈച്ച അപ്പോഴും വദ്ധിച്ച ഉത്സാഹത്തോടെ മൂളി ക്കൊണ്ടു് മാധവിയുടെ തലക്കു ചുററും പറക്കുകയായിരുന്നു.

# പണിക്കർ ജയിച്ചു

---

കിട്ടുപ്പണിക്കക്ക മന്ത്രവാദമുണ്ട്, ജോത്സ്യമുണ്ട്, വൈദ്യമുണ്ട്.

ഈ മൂന്നു വിഷയത്തിലും കേമന്മാരായ കാരണവന്മാർ കിട്ടുപ്പണിക്കക്കുണ്ടായിരുന്നുവത്രെ. നൂററാണ്ടുകഠംക്കു മുമ്പ് ജീവിച്ചു മൺമറഞ്ഞുപോയ അവരുടെ അപദാനങ്ങഠം എത്ര വണ്ണിച്ചാലും പണിക്കക്കു മതിയാവില്ല.

കേളപ്പണിക്കർ എന്ന ഒരു കാരണവർ വാതുവെച്ച് ചുട്ട കോഴിയെ പറപ്പിച്ചു. മന്ത്രവാദത്തിൽ അദ്ദേഹത്തെ ജയിക്കാൻ അന്നാരുമുണ്ടായിരുന്നില്ല. അതിയ്യൂര് മനയ്ക്കലെ ആന ഒരു കൊല്ലത്തിന്നകം ചെരിയും (ചാവും)എന്ന് മനയ്ക്കൽ പ്രശ്നത്തിന്നു ചെന്ന ഇട്ടിരാരപ്പൻ പണിക്കർ പറഞ്ഞു. ഒരു കൊല്ലം തികയുന്നതിൻെറ തലേന്നാഠംവരെ ആന കാട്ടിൽ തടിപിടിച്ചിരുന്നു. അടുത്തദിവസം അഞ്ചു നാഴികയും രണ്ടു വിനാഴികയും ചെന്നപ്പോഠം ആന പെട്ടെന്നു വീണു ചത്തു. നാടാകെ മസൂരിയും നടപ്പുദീനവും പടന്നുപിടിച്ച് പഴുത്ത പറങ്കിമാങ്ങകഠംപോലെ മനുഷ്യർ ഉതിന്നുവീണിരുന്നകാലത്ത് കോന്തുപ്പണിക്കരെന്ന തൻെറ

കാരണവരുടെ കഷായവും ഗുളികയുമാണ് നാട്ടുകാരെ രക്ഷിച്ചതു്.

കിട്ടപ്പണിക്കർ അറുപതുകഴിഞ്ഞ ആളാണു്. ചൊറി ചിരങ്ങു് തുടങ്ങിയ ത്വക്രോഗങ്ങൾക്കു് പണിക്കർ ഒരു വെളിച്ചെണ്ണ നിശ്ചയിക്കും. അതുകൊണ്ടു മാറും; മാറണം. മാറാഞ്ഞാൽ വെളിച്ചെണ്ണയുടെ കുററമല്ല, 'ദേശാന്തി'യുടെ തകരാറു്. പനി, തലവേദന, വാതം, പിത്തം മുതലായവയ്ക്കും മരുന്നുണ്ടു്. നാല്പത്തിയൊന്നു ദിവസം മരുന്നുകഴിച്ചു് മുളകും പുളിയും മററു രൂക്ഷപദാർത്ഥങ്ങളും ഉപയോഗിക്കാതെ പത്ഥ്യമനുഷ്ഠിക്കണം. മാറാഞ്ഞാൽ കഴിഞ്ഞ ജന്മത്തിലെ പാപമാണു കാരണം. മുജ്ജന്മത്തിൽ ഓരോരുത്തരും ആരായിരുന്നു, എന്തായിരുന്നു എന്നു് പണിക്കർ നാളു നോക്കി പറയും.

'പയ്യീച്ച പൂച്ച പുലി വണ്ടെലി ഞണ്ടു പച്ച-
പ്പുയ്യെന്നു തൊട്ടു പല മാതിരിയായ ജന്മം'

കഴിഞ്ഞാണല്ലോ മനുഷ്യരാവുക.

മാറാത്ത ചൊറിയും ചിരങ്ങുമുള്ള ഒരു കട്ടി പൂർവ്വജന്മത്തിൽ പൂച്ചയായിരുന്നു. പെററു് രണ്ടു ദിവസം കഴിയാത്ത ഒരണ്ണാനേയും നാലു കുഞ്ഞുങ്ങളേയും ഈ പൂച്ച കൊന്നു തിന്നു. ആ ബാലശാപമാണ് മാറാത്ത ബാലവ്യാധിക്കു മൂലഹേതു. വെള്ളികൊണ്ടോ സ്വർണ്ണംകൊണ്ടോ ഒരണ്ണാൻ കുഞ്ഞിൻെറ രൂപമുണ്ടാക്കി ദാനംചെയ്യണം. ചില കർമ്മങ്ങളും. ഇതൊക്കെക്കഴിഞ്ഞാൽ, നിശ്ചിത കാലാവധിക്കു ശേഷം ദീനം സുഖമാകും.

വാതംപിടിച്ചു കൈ തളൎന്ന കുട്ടാപ്പു കഴിഞ്ഞ ജന്മത്തിൽ പുലിയായിരുന്നു. ഒരു സാധുവിന്റെ കൃഷി നശിപ്പിച്ചതിന്നു പുറമെ പുലി കൃഷിക്കാരന്റെ കൈ കടിച്ചു മുറിച്ചു. ആ നരി നരനായപ്പോൾ കൈക്കു വാതം വന്നതാണു്. പ്രതിവിധി ചെയ്യണം.

പാപംചെയ്ത ആത്മാക്കളിൽ മരുന്നു ഫലിക്കാത്തതിനു് പണിക്കരെന്തുപിഴച്ചു?

ഗർഭിണികൾക്കു മാസം ഏഴു തികഞ്ഞാൽ 'ബലികളയൽ' കർമ്മം നടത്തണം. തള്ളയേയും പിള്ളയേയും ഒരുപാടു് പ്രേതപിശാചുക്കൾ ബാധിച്ചിരിക്കും. ബാധകളെ അകററിയില്ലെങ്കിൽ അപകടമാണു്. കിട്ടപ്പണിക്കർതന്നെ അതിന്നുള്ള 'കർമ്മി.' അരി, നെല്ലു്, പഴം, നാളികേരം, ശർക്കര, എള്ളു്, മലരു്, കോടിമുണ്ടു്, പുത്തൻകുട്ടക, അരയാലില തുടങ്ങി നാല്പത്തിരണ്ടു് പദാർത്ഥങ്ങളൊരുക്കണം. കർമ്മാനന്തരം ഇതൊക്കെ പണിക്കൎക്കുള്ളതാണു്. പുറമേ ഭക്ഷണവും ദക്ഷിണയും.

ഒരിക്കൽ ഒരു ഗൃഹത്തിൽ പ്രസ്തുത കർമ്മം കഴിഞ്ഞു് ഭാണ്ഡവുമായി കിട്ടപ്പണിക്കർ യാത്രയാവുകയായിരുന്നു. അയൽപക്കത്തെ ഒരു ചെറുപ്പക്കാരൻ കിട്ടപ്പണിക്കരോടു ചോദിച്ചു: 'ആട്ടെ, പണിക്കരേ, പണിക്കൎക്കു് കഴിഞ്ഞ ജന്മത്തിലെ കാൎയ്യങ്ങൾകൂടി അറിയാമല്ലൊ. അടുത്ത ജന്മത്തിലെ കാൎയ്യം നിസ്സാരമായിരിക്കും. ഇവിടത്തെ സ്ത്രീ പ്രസവിക്കുന്നതു് ആണായിരിക്കുമൊ, പെണ്ണായിരിക്കുമൊ?'

പണിക്കർ വിയൎത്തു. പ്രതീക്ഷിക്കാത്ത ചോദ്യം.

'നമ്മെ പരീക്ഷിക്കാനാ പുറപ്പാട്ട്, അല്ലേ? കലികാലം മൂക്കുമ്പോ ഇതിലും വല്ല്യ ചോദ്യങ്ങള്വരും. ആചാൎയ്യന്മാര്തന്നെ അതു പറഞ്ഞിട്ടുണ്ട്. പക്ഷെ ഈ ചോദ്യം സാരമില്ല്യ'—കിട്ടുപ്പണിക്കർ നന്നായൊന്നു ചിരിച്ച് ഉമ്മറത്തിരുന്നു കവിടിസ്സഞ്ചി കെട്ടഴിച്ചു. ഒരു പിടി കവിടി വാരി അംശിച്ചുവെച്ച് ചില ശ്ലോകങ്ങൾ ചൊല്ലി. 'പുരുഷപ്രജ'—പണിക്കർ നിസ്സന്ദേഹം പറഞ്ഞു.

യുവാവ്:—എന്നു വെച്ചാൽ, ആൺകുട്ടി, അല്ലേ?

പണിക്കർ:—അതേ, അതേ, സംശല്യ.

യുവാവിന്നും, കുടുംബനാഥന്നും, ഗൃഹിണിക്കും മറ്റെല്ലാവൎക്കും സന്തോഷമായി. (അതേവരെ അഞ്ചു പെൺകുട്ടികളായിരുന്നു ആ വീട്ടിൽ.)

മൂന്നുമാസം കഴിഞ്ഞു. സ്ത്രീ പ്രസവിച്ചു. എല്ലാവരുടേയും മുഖം മ്ലാനമായി.

പിറേറന്നാൾ, വഴിയേ പോയിരുന്ന കിട്ടുപ്പണിക്കരെ നമ്മുടെ യുവാവ് കണ്ടെത്തി കൂട്ടിക്കൊണ്ടുവന്നു. പണിക്കർ സന്തോഷത്തോടുകൂടിയാണ് വന്നത്.

'എന്താ, പണിക്കരേ, പുരുഷപ്രജ അല്ലേ?'—യുവാവ് പണിക്കരെ കളിയാക്കിത്തുടങ്ങി.

പണിക്കർ യാതൊരു ചാഞ്ചല്യവുംകൂടാതെ ഉമ്മറത്തു കേറിനിന്നു രണ്ടു കൈയും പൊക്കി. 'നോക്കിക്കോളിൻ, എന്റെ കയ്യിൽ ഒന്നുമില്ലല്ലൊ.'

'ഇല്ല, ഇല്ല.'

പണിക്കർ ആ പുരയുടെ ഉത്തരംവെച്ച ഭാഗത്തേക്കു കൈനീട്ടി മേച്ചിലിന്നിടയിൽനിന്നു് ഒരു ഓലക്കഷ്ണം വലിച്ചെടുത്തു പറഞ്ഞു: 'വായിക്കൂ, കുട്ടാ!'

കുട്ടൻ വായിച്ചു: 'സ്ത്രീപ്രജ.'

'അല്ലെങ്കിൽതന്നെ അഞ്ചു പെൺകുട്ടികളു്. അപ്പോഠം, സംഭവിക്കുന്നതാണെങ്കിലും, അതു ഞാൻ മുൻകൂട്ടിപ്പറഞ്ഞാൽ ഗർഭിണിക്കും ഗൃഹസ്ഥനും അസുഖമായേക്കും. അതുകൊണ്ടു പുരുഷപ്രജയെന്നു പറഞ്ഞതാണു്. അന്നുതന്നെ ഞാൻ എഴുതിവെച്ചതാണു് ഈ ഓല.'— കിട്ടുപ്പണിക്കർ പറഞ്ഞു.

ആരും ഒന്നും മിണ്ടിയില്ല.

പണിക്കർ അവിടെയും ജയിച്ചു.

# എങ്കിൽ!

'മനുഷ്യാ! നാളെ നിന്റെ നില എന്താകുമെന്നു പറയാൻ നിനക്കു കഴിയുമോ? വേണ്ട; അടുത്ത നിമിഷത്തിൽതന്നെ നിനക്കുണ്ടാകാവുന്ന അപകടം നീയറിയുന്നുണ്ടോ? നിന്റെ രക്ഷ നിന്നിലല്ല. ആകയാൽ, നീ വിശ്വാസിയായാലും! 'നിന്റെ എല്ലാ കാര്യങ്ങളും സൃഷ്ടികർത്താവിൽ അർപ്പിച്ചാലും! നീ പാപത്തിന്റെ വഴിയിൽനിന്നു മാറിയാലും!'— മത്തായി ഉപദേശി പ്രസംഗം ആരംഭിക്കുന്നതും അവസാനിപ്പിക്കുന്നതും ഈ വിധത്തിലായിരുന്നു.

സൽസ്വഭാവിയും ഭക്തനുമായ മത്തായി ഉപദേശിയെ നാട്ടുകാരെല്ലാം സ്നേഹിച്ചു.

വഴിവക്കിലുള്ള വലിയ വൃക്ഷങ്ങളുടെ താഴെനിന്നു് ഉപദേശി പ്രസംഗിക്കും. 'മനുഷ്യാ, ഈ മരം ഇപ്പോൾ മറിഞ്ഞുവീഴുകയില്ലെന്നു് എങ്ങിനെ ഉറപ്പിക്കാം. ഇതു നിലംപതിച്ചു എങ്കിൽ എത്ര ജീവൻ നശിക്കും! എത്ര ഭവനങ്ങൾ തവിടുപൊടിയാകും! ആ വക ആപത്തിൽനിന്നും നമ്മെ രക്ഷിക്കുന്നവനെ നീ ഓർക്കുന്നുണ്ടോ?'

ആയിടെ ഒരു പാലം പൊളിഞ്ഞുവീണു് രണ്ടുപേർക്കു പരിക്കുപററി. അതിനുശേഷം മത്തായി ഉപദേശിയു

ടെ പ്രസംഗം പാലങ്ങളുടെ സമീപത്തായി. 'ഈ പാലവും തകൎന്നുവീഴുകയില്ലെന്നു്, മനുഷ്യാ, നീയെങ്ങിനെ മനസ്സിലാക്കും. ഇതു വീണു എങ്കിൽ എന്തായിരിക്കും ആപത്തു് എന്നു് നീയറിയുന്നില്ലേ?'

അന്നൊരു ദിവസം ഉപദേശി വഴിയരികിലുള്ള കാഞ്ഞിരമരത്തിൻെറ ചുവട്ടിലിരുന്നു കരയുകയായിരുന്നു.

അങ്ങോട്ടും ഇങ്ങോട്ടും പോകുന്നവർ അവിടെ നിന്നു. 'എന്താ ഉപദേശി! എന്തു പററി?'—ആളുകൾ ഉൽക്കണ്ഠയോടെ ചോദിച്ചു.

ഉപദേശിയുടെ രോദനം ഉച്ചത്തിലായി.

'എന്താ, ഉപദേശി! എന്തുപററി?'

'നിങ്ങളിതു കണ്ടോ!'—ഉപദേശി വഴിയിൽ മണ്ണോടുചേൎന്നു കിടക്കുന്ന ഒരു സാധനം ചൂണ്ടിക്കാണിച്ചു.

ആളുകൾ കുനിഞ്ഞുനോക്കി. ഒരു കാഞ്ഞിരക്കായ ചതഞ്ഞു ചമ്മന്തിയായി മണ്ണിൽ പൂഴ്ന്നു കിടക്കുകയാണു്.

'കണ്ടു ഉപദേശി; ചതഞ്ഞ കാഞ്ഞിരക്കായ, അല്ലേ?'

'അതെ!'

'അതിനെന്താ?'

'ഇപ്പോൾതന്നെ ഇതിലെപോയ ആനയെ നിങ്ങൾ കണ്ടോ?'

'കണ്ടു.'

'ആന ചവിട്ടി കാഞ്ഞിരക്കായ ചതഞ്ഞു മണ്ണിൽ പൂഴ്ന്നതാണ്.'

'അതേ, അതിനെന്താ?'

'അതിനെന്താ! ഒന്നുമില്ലേ?'

'ഞങ്ങൾക്ക മനസ്സിലായില്ലല്ലോ, ഉപദേശി.'

'പാപികളായ മനുഷ്യരേ, ഈ കാഞ്ഞിരക്കായയുടെ സ്ഥാനത്ത് എൻേറയോ, നിങ്ങളുടേയൊ തല ആയിരുന്നു എങ്കിൽ!........'—മത്തായിഉപദേശി കൈമലത്തി മേല്പോട്ടുനോക്കി വീണ്ടും കരച്ചിൽതുടങ്ങി.

# 'വാപ്പാക്ക് പോതക്കേട്'

മമ്മതുറാവുത്തർക്ക് മീൻകച്ചവടമാണ്. കാവിന്മേൽ മീനുമായി റാവുത്തർ എത്താത്ത വഴിയില്ല. 'പൂ' എന്ന നീണ്ട വിളി കേട്ടാൽ റാവുത്തരുടെ വരവാണെന്നു എല്ലാവരും മനസ്സിലാക്കും. ചിരിച്ചുകൊണ്ടേ റാവുത്തർ ആരോടും സംസാരിക്കയുള്ളു. മര്യാദതികഞ്ഞ പെരുമാററത്താൽ മമ്മതുറാവുത്തർ നാട്ടുകാർക്ക് ഇഷ്ടനായി.

മീൻവില്പനയ്ക്ക് മമ്മതുറാവുത്തർക്കുള്ള മിടുക്ക് ഒന്നു വേറെതന്നെയാണ്. തലേന്നാളത്തെ ചീഞ്ഞ ചാളയാണെങ്കിലും 'പെടേണ ചാള' 'പെടേണ ചാള' എന്നാണ് റാവുത്തർ പറയുക. 'ആയ്, എന്ത് മൊതലാ! വെള്ളം കണ്ടാ ചാടും'—ചീഞ്ഞ ചാള കൊട്ടയിൽനിന്നു പതുക്കെ വാരി പൊക്കിക്കാണിച്ച് റാവുത്തർ കൈയങ്ങിനെ വിറപ്പിക്കും.

മമ്മതുറാവുത്തരിൽനിന്നു മീൻവാങ്ങിയാലേ പെണ്ണുങ്ങൾക്കു തൃപ്തിയാകൂ. മററു മീൻവില്പനക്കാർ മുമ്പേ വന്നാലും കാര്യമില്ല. പെണ്ണുങ്ങൾ റാവുത്തരെ കാത്തുനില്ക്കും.

കൊല്ലങ്ങൾ കുറെ കഴിഞ്ഞു. റാവുത്തരുടെ കയ്യിൽ കാശായി. കാവു ചുമന്ന് നടക്കേണ്ട നിലയിൽനിന്നു റാവുത്തർ ഉയർന്നു.

കടവിൽ വരുന്ന മീനൊക്കെ മൊത്തമായി കച്ചവടം ചെയ്യുകയായി റാവുത്തർ. അയാളുടെ കീഴിൽ ജോലിക്കാരായി. ബാക്കി വരുന്ന പച്ചമീൻ ഉണക്കാനും കയററി അയക്കാനും ഏപ്പാടുകളായി. ആദ്യം ഇപ്പറഞ്ഞതൊക്കെ എളിയനിലയിലായിരുന്നു. പിന്നെപ്പിന്നെ ഏപ്പാടുകൾ വിപുലമായി.

'മാളികമുകളേറിയ മന്നന്റെ
തോളിൽ മാറാപ്പു കേററുന്നതും ഭവാൻ
രണ്ടുനാലുദിനം കൊണ്ടൊരുത്തനെ
തണ്ടിലേററി നടത്തുന്നതും ഭവാൻ'

മമ്മതുറാവുത്തരെക്കാണുന്നവർ ഈ പദ്യം ഓക്കും. കാവു ചുമന്നു നടന്നിരുന്ന ഒരു സാധുതൊഴിലാളിയെ വലിയ മുതലാളിയാക്കിയിരിക്കയാണ് ദൈവം.

കറുത്തു, മൊരിപൊന്തി ചടച്ചു വളഞ്ഞ ദേഹം വെളുത്തു മിനുസപ്പെട്ടു തടിച്ചുനിവന്നു. റാവുത്തക്ക് വയറ് ഇല്ലെന്നാണ് ആദ്യം തോന്നിയിരുന്നത്. അത്രയ്ക്കുത് എല്ലിനോട് ഒട്ടിയിരുന്നു. ഇപ്പോൾ ഒരടി ഉയരത്തിലാണ് വയറുന്തിനില്ക്കുന്നത്.

പണക്കാരനായി ദേഹപ്രകൃതിയൊക്കെ മാറിയെങ്കിലും മമ്മതുറാവുത്തരുടെ സ്വഭാവപ്രകൃതിയ്ക്കു മാററമുണ്ടായില്ല. പള്ളിയിൽ പോവുക, നിസ്കാരംകഴിക്കുക ഇതൊക്കെ കൂടുതൽ ചിട്ടയിലായി. ജനങ്ങളോടുള്ള പെരുമാററവും ഹൃദ്യമായിരുന്നു. താൻ പണ്ടു മീൻകൊട്ടത്തിരുന്ന സാധുസ്ത്രീകളെ കണ്ടാൽകൂടി ചിരിക്കും, വത്തമാനംപറയും. പാവങ്ങൾക്കു ചില്ലറ സഹായങ്ങളും ചെയ്യും.

റാവുത്തരുടെ മൂത്ത മകനാണ് ഇസ്മായിൽ. എഴുതാനും വായിക്കാനും അറിഞ്ഞുകൂടാ. നാലാം ക്ലാസ്സിലെത്തിയിട്ടുണ്ട്. പഠിച്ചിട്ടെത്തിയതല്ല. രണ്ടും മൂന്നും കൊല്ലങ്ങളാവുമ്പോൾ മാസ്റ്റർമാർ കയററിവിട്ടതായിരുന്നു.

ദുർമ്മതികളായ ആളുകളാണ് ഇസ്മായിലിൻെറ കൂട്ടുകാർ. ഇസ്ലാം തത്വങ്ങൾക്ക് ഏററവും നിഷിദ്ധമായ മദ്യപാനംതന്നെ ഇസ്മായിലിൻെറ ഇഷ്ടങ്ങളിൽ പെട്ടു.

മമ്മതുറാവുത്തരുടെ അഭ്യുദയകാംക്ഷികളായ ചിലർ ഇസ്മായിലിനെ ഉപദേശിച്ചു. 'നീ ചീത്ത കൂട്ടുകെട്ടു നിർത്തണം. പള്ളിയിൽ പോണം. നിസ്കാരകർമ്മാദികൾ നടത്തണം.'

'പള്ളിപ്പോക്കും നിസ്കാരോം ഞമ്മൻെറ പങ്കുകൂടി വാപ്പനെ ഏല്പിച്ചിരിക്ക്ാ.'—ഇസ്മായിൽ ചിരിക്കും. 'എന്തനാ, എല്ലാരും പോണ് പള്ളീല്. എല്ലാരും ചെന്നാ അവടെ സലണ്ടോ?'

മമ്മതുറാവുത്തർ കാവേററി തയമ്പുപിടിച്ച തൻെറ തടിച്ച ചുമല് തലോടി കൂട്ടുകാരോടു മകനെപ്പററി വേദനയോടെ പറയും: 'എളമാൻ കടവറിയാ. പള്ളീടെ ചൂട് ചെക്കനറിഞ്ഞിട്ടില്ല. കാവ് അവൻ കണ്ടിട്ടില്ല. ഒടുക്കം അവൻ പടിക്കും.'

ഒരു വെള്ളിയാഴ്ച. മമ്മതുറാവുത്തർ ജുമാ നമസ്കാരം കഴിഞ്ഞ് വീട്ടിൽ വന്നു. പെട്ടെന്ന് രണ്ടു കവിൾ ചോര ഛർദ്ദിച്ചു. തുടർന്നൊരു മോഹാലസ്യം.

വൈദ്യൻ വന്നു. ഒരു മണിക്കൂർ കഴിഞ്ഞപ്പോൾ റാവുത്തർക്കു ബോധമുണ്ടായി.

ബോധക്കേട്ട് ഇനിയുമുണ്ടാവും, ദീനം രക്ഷയില്ലാത്തതാണ്—വൈദ്യൻ ചില ഔഷധങ്ങൾ നിശ്ചയിച്ചു സ്ഥലംവിട്ടു.

വൈദ്യന്റെ അഭിപ്രായം ശരിയായിരുന്നു. അരമണിക്കൂറിന്നുശേഷം വീണ്ടും ഓർമ്മക്കേടുണ്ടായി.

കുറെക്കഴിഞ്ഞപ്പോൾ ബോധംതെളിഞ്ഞു. മമ്മതു റാവുത്തർ പ്രയാസപ്പെട്ടു പറഞ്ഞു: 'ന്റെ കാര്യം പന്ത്യല്ല. ത്രു പെട്ടന്ന് ഇതു് നിരീച്ചില്ല. എല്ലാം അള്ളാവിന്റെ നിച്ചയം. ഞമക്ക് ചെല കൈവാസ്പ—കിട്ടാനും കൊടുക്കാനും ണ്ട്—ഒക്കെ ഒന്നു കുറിച്ച് വെയ്ക്ക് മോനേ. ബൂമീല് കടായിട്ട് പോണത്തു കശ്ടം........'

മമ്മതുറാവുത്തറുടെ കണ്ണുകൾ നിറഞ്ഞൊഴുകി. കണ്ടു നില്ക്കുന്നവരും കരഞ്ഞു.

'മോനെ, കടവാരത്തെ തോമാ മൊതലാളി നൂറുറുവാ കൈവാസ്പ വേടിച്ചിട്ടുണ്ട്'—റാവുത്തർ ഓർത്തോർത്ത് പതുക്കെ പറയാൻതുടങ്ങി.

ഇസ്മായിൽ വാപ്പയുടെ കിടക്കയിൽ ഇരുന്നു. കടലാസ്സും പെൻസിലുമായി കാര്യസ്ഥൻ സമീപത്തുനിന്നു. ഇസ്മായിൽ ഉത്സാഹത്തോടെ കാര്യസ്ഥനോടു പറഞ്ഞു: 'എയ്തടാ, നൂറുറുവാ തോമാമൊതലാളി നമക്ക് തരണം'

'അമ്പത്റുവാ തരാണ്ട് റാവറ്നായര്.'

'കടവാരത്തു കച്ചോടം റാവറ്നായര് അമ്പതുറുവാ നമക്കു തരണം; എയ്തിയില്ലേ, കാര്യസ്സാ'—ഇസ്മായിൽ ചോദിച്ചു.

'ഓ.' കാര്യസ്ഥൻ തലയാട്ടി.

'ഓലക്കച്ചോടം കുഞ്ഞുണ്ണിച്ചോൻെറ കയ്യീന്നു് ശെനിയായ്ച്ച നൂററമ്പതുറുവ വാപ്പ മേടിച്ചിട്ടുണ്ട്. അതു കൊടുക്കണം'— മമ്മതുറാവുത്തർ പറഞ്ഞു.

ഇസ്മായിൽ കയ്യുയത്തി കാര്യസ്ഥൻെറ നേരെനോക്കി 'നിത്ത്, എയ്ത്ത്ത് നിത്ത്. വാപ്പാക്ക് പോതക്കേട്.'

കാര്യസ്ഥൻ എഴുതിയില്ല.

'കുമ്മായക്കച്ചോടം മൊയമ്മദ് അമ്പതുറുവാ തരാണ്ട്.'

'കാര്യസ്സാ! എയ്ത്ത്. കുമ്മായക്കച്ചോടം മൊയമ്മദ് നമക്ക് അമ്പതുറുവ തരണം.'

മമ്മതുറാവുത്തർ ദീർഘമായി ചുമച്ചു. അദ്ദേഹത്തിൻെറ തൊണ്ടയിടറി.

'മോനേ, ലോനപ്പൻമാശ്ക്ക് അഞ്ഞൂറുറുവ കൊട്ക്കണം. കൈവായ്പ മേടിച്ചതാ ഇന്നലെ. ഓലവഞ്ചിക്കാര്ക്ക് കൊട്ക്കാൻ. നാളെക്കാലത്ത് തന്നെ കൊട്ക്കണം. മറക്കര്ത്. മാശ് നല്ല മന്ശനാ.'

പിന്നേയും റാവുത്തർ എന്തൊക്കെയോ വിക്കി വിക്കിപ്പറയുന്നുണ്ടായിരുന്നു. അപ്പോഴെക്കും ഇസ്മായിൽ ചാടിയെണീററു. 'കാര്യസ്സാ, എയ്ത്ത് നിത്ത്, പോതക്കേട്, വാപ്പാക്ക് വല്ലാത്തപോതക്കേട്. പിച്ചുംപേയും പറയണ്. കശ്ടം.'

മമ്മതുറാവുത്തരുടെ കണ്ണുകളിൽനിന്നു ധാരധാരയായി കണ്ണീരൊഴുകി. അദ്ദേഹത്തിന്നു ബോധക്കേടുണ്ടായി. സ്ഥിരമായ ബോധക്കേട്.

# ആനയെക്കിട്ടാം!

'കരിനാക്കൻ' രാമൻനായരെ നാട്ടുകാക്കു ഭയമാണു്. അയാഠം എന്തെങ്കിലും പറഞ്ഞാൽ അതു 'കുറിസ്സുവെച്ച വെടിപോലെ' ഫലിക്കുമത്രെ.

രാമൻനായരുടെ അയൽവക്കത്തു് ഭത്താവും മക്കളുമില്ലാത്ത ഒരു വൃദ്ധ താമസിച്ചിരുന്നു.

കാളിയെന്നാണു് വൃദ്ധയുടെ പേർ. കോഴികളെ വളത്തിയാണു് കാളിത്തള്ള ജീവിച്ചിരുന്നതു്. ഇരുപത്തഞ്ചും മുപ്പതും മുട്ടയിടുന്ന നല്ലതരം കോഴികഠം തള്ളക്കുണ്ടായിരുന്നു.

അടുത്തദിവസം കൊത്തി വിരിയിച്ച ഏതാണ്ടു മുപ്പതു കുഞ്ഞുങ്ങളോടുകൂടി ചിരവപോലെ തടിച്ച പിടക്കോഴി ക്കൊ ക്കൊ ക്കൊ ക്കൊ എന്ന ശബ്ദവുമായി മുററത്തു നടക്കുമ്പോഠം രാമൻനായർ എന്തിനോ അവിടേയ്ക്കു കടന്നു ചെന്നു.

'കാളിച്ചോത്ത്യേ!'—രാമൻനായർ നീട്ടിവിളിച്ചു.

'എന്താ, കയ്മളേ!'—തള്ള ഉമ്മറത്തേയ്ക്കുവന്നു.

'ആരാ ഇവിടെ നെല്ലിയ്ക്കക്കൊട്ട ഇട്ടു വീണതു്?'—ഒന്നിച്ചു് ഉരുണ്ടുരുണ്ടു നീങ്ങുന്ന കോഴിക്കുഞ്ഞുങ്ങളെച്ചൂണ്ടിക്കാട്ടി രാമൻനായർ ചോദിച്ചു.

രണ്ടാമത്തൊരു ചോദ്യം:—'ഇന്ന് ഈ തള്ളക്കോഴിയ്ക്ക് ഏറാച്ചിക്കൂട്ടാൻ കൊടുത്തു, അല്ലേ? ചങ്കില് എല്ല് തറച്ചു. കഴുത്തു വീപ്പിച്ച് ഓക്കാനിക്കാൻനോക്കുന്നതു കണ്ടില്ലേ!'

താമസമുണ്ടായില്ല, കോഴിക്കുഞ്ഞുങ്ങൾ ഓരോന്നു ചത്തുതുടങ്ങി. വൈകുന്നേരമാവുമ്പോഴെക്കും ഒരെണ്ണം ബാക്കിയുണ്ടായില്ല. തള്ളക്കോഴി പകൽ മുഴുവനും തൂങ്ങിനിന്നു. കാലത്ത് നോക്കുമ്പോൾ കൂട്ടിൽ ചത്തുകിടക്കുന്നു.

വറീതുമാപ്പിളയ്ക്ക് കായലോരത്തു താമസിക്കുന്ന ഒരു സ്നേഹിതൻ നല്ലതരം തെങ്ങിൻതൈ നാലെണ്ണം സമ്മാനിച്ചു. അയാളതു മുററത്തു നട്ട് നല്ല വളമിട്ടു വളർത്തി. തെങ്ങിൻതൈകൾ മരംകാട്ടി നിലത്തുനിന്ന് അധികം ഉയന്നില്ല, അപ്പോഴെക്കും തുരുതുരേ കായയുണ്ടായി. കുലയിൽ അമ്പതും അറുപതും കൊച്ചുമച്ചിങ്ങകൾ. രാമൻനായർ തൈത്തെങ്ങുകൾ വിസ്തരിച്ചൊന്നുനോക്കിച്ചിരിച്ചു. 'ഞൌനികൾ പാടത്താണ് മുട്ടയിടാറ്. ഇപ്പൊ തെങ്ങിൻമോളിലായോ?'

ഒരാഴ്ചയ്ക്കകം മച്ചിങ്ങയൊക്കെ നിലത്തുകിടന്നിരുന്നു.

രാമൻനായരുടെ അയൽഗൃഹത്തിലെ 'തങ്കം' കുളിച്ചുവരികയായിരുന്നു. 'പനങ്കുലയുണ്ട്, പനകാണാനില്ല.'—രാമൻനായർ അശ്രദ്ധനായി പറഞ്ഞു. മുട്ടോളമെത്തുന്ന ആ തരുണിയുടെ മുടി ഒരിഴയില്ലാതെ കൊഴിഞ്ഞുപോയി.

രാമൻനായരെക്കൊണ്ടു മുതലെടുക്കാൻ കൃഷിക്കാരൻ കൃഷ്ണനെഴുത്തച്ഛൻ നിശ്ചയിച്ചു. എഴുത്തച്ഛൻെറ കൃഷി

യിൽ ഭയങ്കരമായ ചാഴിക്കൂട്ടം. എന്തുചെയ്തിട്ടും ലക്ഷക്കണക്കിന്നുള്ള ആ ക്ഷുദ്രജീവികൾ വയൽ വിട്ടുന്നില്ല.

രാമൻനായരെക്കൊണ്ടു ചാഴികളെക്കുറിച്ച് 'ഉപമ' പറയിപ്പിച്ചാൽ ചാഴിക്കൂട്ടം ഒന്നിച്ചു നശിക്കുമെന്ന് കൃഷ്ണനെഴുത്തച്ഛന്നറിയാം. എഴുത്തച്ഛൻ ഒരു ദിവസം രാമൻനായരെ തന്റെ പാടത്തേക്കു കൂട്ടിക്കൊണ്ടുപോയി.

വയലിന്റെ മദ്ധ്യത്തിലുള്ള വലിയ വരമ്പിൽ രണ്ടുപേരുമെത്തി. അതുവരെ എഴുത്തച്ഛൻ ഉദ്ദേശം വ്യക്തമാക്കിയില്ല. രാമൻനായർ ചോദിച്ചുമില്ല.

എഴുത്തച്ഛൻ ദുഃഖിതനായി രാമൻനായരോടു പറഞ്ഞു: 'കണ്ടോ, രാമൻനായരെ, ഈ ഭയങ്കരന്മാർ—ചാഴിക്കൂട്ടങ്ങൾ—നെല്ലൊക്കെ നശിപ്പിച്ചു! അതാ, തുററുതുററായിട്ടിരിക്കുണതുകണ്ടോ! അങ്ങിങ്ങേ ഓരോ നെല്ലിൻകടയുള്ളു.'

രാമൻനായർ കണ്ടങ്ങളിലാകെ കണ്ണോടിച്ചു പെട്ടെന്നു പറഞ്ഞു:—'അങ്ങിങ്ങേ നെല്ലിൻകടയുള്ളു എങ്കിലും, അമ്പോ, ഓരോന്നിന്മേലും ആനയെപ്പിടിച്ചുകെട്ടാം.'

എഴുത്തച്ഛന്നു് കൊയ്യേണ്ടിവന്നില്ല.

---

DHARMARAM LIBRARY

BANGALORE-560 029

| Due Date | Due Date | Due Date |
|---|---|---|
| | | |

## “കുട്ടികൾക്കു വളരെ പ്രയോജനത്തോടെ വായിക്കാവു…

DC Library
*00010648*
T61 K66

1. കിഞ്ചനവർത്തമാനം. 8ണ… …ഷ്യ·
കിട്ടുണ്ണി ഈ രംഗത്തെക… …ാഹ്
മാണ്. അദ്ദേഹത്തിൻ… …ന്നും
ഭയപ്പെടാനില്ല. നല്ല മാർഗ്ഗത്തിൽ മാത്രമേ അദ്ദേഹം നയിക്കൂ എന്നതു് സർവ്വസമ്മതമായിട്ടുണ്ടു്. ‘കിഞ്ചനവർത്തമാന’മെന്ന സമാഹാരം ഇതു് ഒരിക്കൽക്കൂടി പ്രഖ്യാപിച്ചിരിക്കുന്നു. ആറു കൊച്ചുകഥകളാണു് ‘കിഞ്ചനവർത്തമാന’ത്തിലുള്ളതു്. ‘കിഞ്ചനവർത്തമാന’വും ‘കുനിയുടെ കുസൃതി’യും ‘കിറവദന്തികൾ കീഴടങ്ങിയാ’ലും ഇതിഹാസപ്രസിദ്ധമാണു്; മററുള്ളവ നിത്യജീവിതത്തിൽനിന്നു് അടർത്തിയെടുത്ത സംഭവങ്ങൾക്കു കഥാരൂപം നൽകിയതും. കുട്ടികൾക്കു് വളരെ പ്രയോജനത്തോടെ വായിക്കാവുന്ന ഒരു ചെറുസമാഹാരമാണിതു്. ഈ പ്രസിദ്ധീകരണം ഒരു വിജയമായിത്തീർന്നു് ഈ മാർഗ്ഗത്തിൽ കൂടുതൽ ചരിക്കാൻ ഗ്രന്ഥകർത്താവിനു പ്രചോദനം നൽകട്ടെ. —എക്സ്പ്രസ്സ്. 13-1-’58.

2. വീരകുമാരൻ. 8ണ. “ജീവിതത്തിന്റെ വേപ്പും കണ്ണീരും ഒപ്പിയെടുക്കാൻ ഉതകുന്ന ഒരു നേരിയ ശൈലി. ഓരോ വാക്യത്തിലും വാക്കിലും ആ ആർദ്രത കലർന്നിരിക്കുന്നുണ്ടു്.”
—മഹാകവി ജി. ശങ്കരക്കുറുപ്പ്.

3. ആരോമലുണ്ണി. 10-ാംപതിപ്പു്. 8ണ. (കൊച്ചി-മദിരാശി ഗവൺമെണ്ടുകളുടെ പാഠ്യപുസ്തകക്കമ്മിററികൾ കുട്ടികൾക്കു പഠിക്കാനായി തിരഞ്ഞെടുത്ത പുസ്തകം.)

4. ആരോമൽച്ചേകവർ. പരിഷ്ക്കരിച്ച 2-ാംപതിപ്പു്. 1ക.

5. ദണ്ഡിയാത്ര. താരാട്ടു്. (മഹാത്മജിയുടെ ഉപ്പുസത്യാഗ്രഹയാത്ര) 4ണ.

6. കടയോ തലയോ? 8ണ.

ആശാൻ പ്രസ്സ് തൃശ്ശൂർ. or എൻ. ബി. എസ്സ് കോട്ടയം.

# ഉടലയോ തലയോ?

പി. കിട്ടുണ്ണി.

T6
T61
K66